LIBRARY ARCHIVES Kerala Legislative Assembly

അത്യന്താപേക്ഷിതമാണ്. മേൽപ്രകാരം സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ നടത്തുന്ന സ്കൂൾ സർവ്വേ മാപ്പിംഗ് പൂർത്തിയാക്കിയശേഷം വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്ത് ഇക്കാര്യത്തിലുള്ള കോടതി വിധിയുടെ വെളിച്ചത്തിൽ അനിവാര്യമായ സ്ഥലങ്ങളിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകവഴി വിദ്യാഭ്യാസ അവകാശനിയമം ശരിയായ രീതിയിൽതന്നെ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

14. അൺഎയ്ഡഡ് കോളേജുകളിൽ ആനുകൂല്യങ്ങൾ അനുവദിക്കൽ

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, സ്വാശ്രയ കോളേജുകളിൽ ഡിഗ്രി, പി.ജി. കോഴ്സുകളിൽ പഠിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ചില ഉപാധികളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും നിഷേധിച്ചിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടിയാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ സബ്മിഷൻ കൊണ്ടുവരുന്നത്. കേരള യൂണിവേഴ്സിറ്റിയുടെ നിയന്ത്രണത്തിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2011-12 അദ്ധ്യയനവർഷം കുട്ടികൾക്ക് അഡ്മിഷൻ നൽകിവരുന്നത് അതാത് കോളേജുകളിൽ ലഭിച്ചുകൊണ്ടിരുന്ന അപേക്ഷകളുടെ റാങ്ക് ലിസ്റ്റ് മെരിറ്റടിസ്ഥാനത്തിൽ തയ്യാറാക്കി ആ റാങ്ക് ലിസ്റ്റിൽ നിന്നായിരുന്നു. അങ്ങനെ അഡ്മിഷൻ ലഭിച്ചിരുന്ന എസ്.സി/.എസ്.റ്റി./ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾസഹിതം പട്ടികജാതി വികസന ഓഫീസിലേക്ക് അയച്ചുകൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ 2012-13 അദ്ധ്യയനവർഷം മുതൽ യൂണിവേഴ്സിറ്റിയിൽനിന്നും ഓൺലൈനിലൂടെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്കുമാത്രമേ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുകയുള്ളുവെന്ന് പട്ടികജാതി വികസന ഓഫീസർ അതാത് കോളേജുകളെ അറിയിക്കുകയും അതിൻപ്രകാരം 2010-11 വർഷം അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ മൂന്നാം വർഷത്തേയും 2011-12 വർഷം അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ രണ്ടും മൂന്നും വർഷത്തേയും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയിൽ ഓൺലൈൻ അലോട്ടുമെന്റ് സംവിധാനം 2012-13 അദ്ധ്യയനവർഷം ആരംഭിച്ചിരിക്കെ, 2010-11, 2011-12 വർഷങ്ങളിൽ കോളേജുകളിൽ മുൻ കീഴ്വഴക്കമനുസരിച്ച് തയ്യാറാക്കിയ മെരിറ്റ് ലിസ്റ്റിൽനിന്നും അഡ്മിഷൻനേടി പഠിച്ചുകൊണ്ടിരുന്ന എസ്.സി./എസ്.റ്റി./ ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി അലോട്ടുമെന്റിന്റെ ന്യായം പറഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങൾ നിഷേധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അന്ന് ഈ സ്ഥാപനങ്ങളിൽനിന്ന് വിജയിച്ച കുട്ടികൾക്ക് ആ സ്ഥാപനങ്ങളിൽനിന്ന് സർട്ടിഫിക്കറ്റോ ടി.സി. യോ ലഭിക്കുന്നില്ല. അതുകൊണ്ട് അവർക്ക് ഉയർന്ന വിദ്യാഭ്യാസത്തിന് പോകുന്നതിനോ ജോലിക്കുവേണ്ടി ഇന്റർവ്യൂവിനോ ഹാജരാകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിദ്യാർത്ഥികൾ ഫീസ് കൊടുത്തെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റും മറ്റും കൊടുക്കുകയുള്ളൂ എന്നുള്ള നിലയിലാണ് സ്വാശ്രയ കോളേജുകളിലെ അധികാരികൾ പെരുമാറുന്നത്. അതുകൊണ്ട് അടിയന്തരമായി ഇതിനൊരു പരിഹാരമുണ്ടാക്കി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് അവർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും അവരുടെ വിദ്യാഭ്യാസവും ജോലി സുരക്ഷയും ഉറപ്പാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ) : സർ, സർക്കാർ, എയ്ഡഡ് മേഖലയിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്കും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്കും എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നു. എന്നാൽ 2-7-2009-ലെ പട്ടികജാതി വികസന വകുപ്പ് ഉത്തരവുപ്രകാരം അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ അൺഎയ്ഡഡ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കാൻ കഴിയുകയില്ല. ഇത് അൺഎയ്ഡഡ് സ്ഥാപനങ്ങളിൽ അൺഎയ്ഡഡ് കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2-7-2009-ലെ ഉത്തരവിലെ നിബന്ധനകളിൽ ഭേദഗതി വരുത്തുന്നകാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു. ഈ സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുള്ളത്. ആ പ്രയാസങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഏതു മേഖലയിലായാലും പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾ ഗവൺമെന്റോ എയ്ഡഡോ അൺഎയ്ഡഡോ ആയ ഏത് സ്ഥാപനങ്ങളിൽ പഠിച്ചുകഴിഞ്ഞാലും അവർക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുവാനുള്ള തീരുമാനം ഗവൺമെന്റ് ഇതിനകം എടുത്തുകഴിഞ്ഞു. ഈ ആഴ്ചതന്നെ അതിന്റെ ഉത്തരവ് ഇറങ്ങുന്നതാണ്. എം.ബി.ബി.എസ്./

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ ഏറ്റവും പ്രധാനമായ ആവശ്യം എന്നു പറയുന്നത് മെരിറ്റിലൂടെ ലഭ്യമാകുന്ന സീറ്റുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം ലഭിച്ചിരുന്നത്. അത് മാനേജ്മെന്റ് ക്വാട്ടയിലൂടെവരുന്ന വിദ്യാർത്ഥികൾക്കും എം.ബി.ബി.എസ്./എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകൾക്ക് ഫീസ് ഒരു നിബന്ധനയുടെ അടിസ്ഥാനത്തിൽ അതായത്, 2.5 ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ളവർക്ക് കേന്ദ്ര ഗവൺമെന്റിന്റെ സ്കോളർഷിപ്പിലൂടെയും അഞ്ചു ലക്ഷം രൂപവരെ വരുമാനമുള്ളവർക്ക് എം.ബി.ബി.എസ്-നുള്ള ഫീസിന്റെ 50 ശതമാനം അല്ലെങ്കിൽ രണ്ടുലക്ഷം രൂപ എഞ്ചിനീയറിംഗിനുള്ള ഫീസിന്റെ 50 ശതമാനം അല്ലെങ്കിൽ 50,000 രൂപ ഏതാണോ കുറവ് അത് നൽകുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട്. എസ്.സി വിഭാഗത്തെ സംബന്ധിച്ചിടത്തോളം എത്രയോ വർഷങ്ങളായി ആവശ്യപ്പെടുന്നകാര്യമാണ്. ആ ഒരു തീരുമാനംകൂടി ഗവൺമെന്റ് എടുത്തിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. ഏതെങ്കിലും ഇൻസ്റ്റിറ്റ്യൂഷനിൽ 2010-11 ആയതു കൊണ്ട് ആ കാലഘട്ടത്തിൽ പഠിച്ച കുട്ടികൾക്ക് എന്തുകൊണ്ട് കിട്ടാതെപോയി എന്ന് അന്വേഷിക്കുവാനും അത് നൽകുവാനുമുള്ള ആവശ്യമായ നടപടികൂടി സ്വീകരിക്കുമെന്ന് അറിയിച്ചുകൊള്ളുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസാണോ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസാണോ നൽകുന്നത് ?

<u>ശ്രീ. എ. പി.അനിൽകുമാർ</u> : സർ, ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഫീസിന്റെ 50 ശതമാനം.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, സർക്കാർ നിശ്ചയിക്കുന്ന ഫീസ് കൊടുത്തുകൂടേ ?

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, സെൽഫ് ഫിനാൻസിംഗ് ഇൻസ്റ്റിറ്റ്യൂഷനുകളിൽ ഏതാണ്ടൊക്കെയുണ്ട്. പക്ഷേ ഡീംഡ് യൂണിവേഴ്സിറ്റികളിൽ ധാരണകളില്ല. അത്തരം സ്ഥലങ്ങളിൽ ലിമിറ്റ് ചെയ്ത് രണ്ട് ലക്ഷം രൂപ കൊടുക്കും.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, സർക്കാർ സ്ഥാപനങ്ങളിലെ ഫീസ് നൽകിക്കൂടേ ?

<u>ശ്രീ. എ. പി.അനിൽ കുമാർ</u> : സർ, എഗ്രിമെന്റുള്ള സ്ഥലങ്ങളിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസുമാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളൂ. ഡീംഡ് യൂണിവേഴ്സിറ്റികളിൽ ഗവൺമെന്റ് ഫീസ് നിശ്ചയിച്ചിട്ടില്ല. അത്തരം ഒരു ധാരണ ഇല്ല. ഇപ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ : സർ, മാനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസിന്റെ പകുതിയാണോ ഉദ്ദേശിക്കുന്നത് ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, ഗവൺമെന്റ് സ്ഥാപനത്തിലെ ഫീസ് വളരെ പരിമിതമാണ്. ഗവൺമെന്റ് ഫീസ് കൊടുത്തു കഴിഞ്ഞാൽ കുട്ടികൾക്ക് ഒന്നും പര്യാപ്തമാകുകയില്ല. മനേജ്മെന്റ് നിശ്ചയിക്കുന്ന ഫീസിന്റെ പകുതി അല്ലെങ്കിൽ പരമാവധി രണ്ടുലക്ഷം രൂപ ലഭിക്കും.

15. ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഏതാനും വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച ചെല്ലാനത്തെ ഫിഷിംഗ് ഹാർബറിന്റെ പണി ഇപ്പോൾ സമരം കാരണം മുടങ്ങിക്കിടക്കുകയാണ്. അവിടെ പുലിമുട്ടും അതുപോലെ മറ്റ് സംവിധാനങ്ങളും ഒരുക്കിയതിന്റെ പേരിൽ നൂറുക്കണക്കിന് വള്ളങ്ങൾ അടുക്കുന്നുണ്ട്. ചരക്ക് ഇറക്കിവയ്ക്കുന്ന സ്ഥലം സ്വകാര്യ വ്യക്തികളുടേതാണ്. അതുകൊണ്ടുതന്നെ ആ സ്വകാര്യ വ്യക്തികൾ നാളെ അത് അനുവദിച്ചില്ലെങ്കിൽ അവിടെ ഒരു സ്തംഭനാവസ്ഥ വീണ്ടുമുണ്ടാകും. ലാന്റ് അക്വിസിഷനുവേണ്ടിയുള്ള 4(1) നോട്ടിഫിക്കേഷൻ കഴിഞ്ഞിരിക്കുന്നു. പക്ഷേ, പണം അനുവദിച്ചിട്ടില്ല. റോഡ് നിർമ്മിക്കണമെന്നുണ്ടെങ്കിൽ 9 വീട്ടുകാരെ മാറ്റിപാർപ്പിക്കേണ്ടിയിരിക്കുന്നു. 9 വീട്ടുകാരെ മാറ്റി പാർപ്പിക്കണമെങ്കിലും അതിന് പണം കണ്ടെത്തണം. ഏകദേശം പത്തുകോടിയോളം രൂപ ഇതിന് വേണ്ടിവരും. അതുപോലെ അതിന്റെ സെക്കന്റ് ഫേസ് ടെണ്ടർ നടന്നുവെന്ന് അറിയാൻ കഴിഞ്ഞു. പക്ഷേ, അതിന്റെ പണിയും ആരംഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഒരു ഉന്നതതലയോഗം വിളിച്ചുകൂട്ടി ഈ പ്രശ്നം ചർച്ച ചെയ്യാനും വീട്ടുകാരെ മാറ്റിപാർപ്പിക്കുവാനും ലാന്റ് അക്വിസിഷന് പണം കണ്ടെത്താനും സർക്കാർ ശ്രമിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനുവേണ്ടി ഭരണാനുമതി ലഭിച്ച 29 കോടി 90 ലക്ഷം രൂപയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയിലെ തെക്കെ പുലിമുട്ട് 570 മീറ്ററും വടക്കേ പുലിമുട്ട് 150 മീറ്ററും പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലെ മറ്റ് ഘടകങ്ങളായ വാർഫ്, ലേല ഹാൾ, അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, ഓട എന്നിവ നടപ്പിലാക്കുന്നതിനായി 171.3 ആർ സ്ഥലമെടുക്കുന്നതിന് അനുമതി നൽകിയതുപ്രകാരം റവന്യൂ വകുപ്പിൽനിന്നും